| | തുക (കോടിയിൽ) |
|---|---|
| ഭൂമി | 533 |
| വെള്ളം | 7 |
| വൈദ്യുതി | 51 |
| റെയിൽ | 4 |
| ആകെ | 595 |

(ഡി) 28-7-2015-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

I. ഉറമുഖഭൂമി വികസനത്തിന് ആവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

II. പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസത്തെ സംബന്ധിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നതായി ഫിഷറീസ് സെക്രട്ടറി യോഗത്തെ ധരിപ്പിച്ചു.

III. NH 47 നേയും NH 47 ബൈപ്പാസിനേയും ബന്ധിപ്പിക്കുന്ന മൂന്ന് റോഡുകൾ (1. പള്ളിച്ചൽ - വിഴിഞ്ഞം, 2. ബാലരാമപുരം - മുക്കോല, 3. വഴിമുക്ക് - കാഞ്ഞിരംകളം) ദ്രുതപ്പെടുത്തുന്നതിനായി ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി.

IV. നിർദ്ദിഷ്ട NH 47 ബൈപ്പാസ് മുക്കോലയിൽനിന്നും കോട്ടുകാലിലേക്ക് നീട്ടുന്നതിനായുള്ള നടപടികൾ കൈക്കൊള്ളാൻ തീരുമാനമായി.

## എലത്തൂർ നിയോജക മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ

162 (1989) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എലത്തൂർ നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻവഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇതിനായി എത്ര തുക ചെലവഴിച്ചു ;

(ബി) പ്രസ്തുത മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്രഫണ്ട് ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്നും കേന്ദ്ര സംസ്ഥാന ഫണ്ടുകൾ തുല്യമായി ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എലത്തൂർ മണ്ഡലത്തിൽ പ്രസ്തുത കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി:

1. 2012-13 സാമ്പത്തിക വർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി ഏലത്തൂർ മത്സ്യഗ്രാമത്തിൽ–

| | | |
|---|---|---|
| കടിവെള്ള പദ്ധതി | - | 163 ലക്ഷം രൂപ |
| വൈദ്യുതീകരണം | - | 53.55 ലക്ഷം രൂപ |
| ഹൈമാസ്റ്റ്ലൈറ്റ് (2 എണ്ണം) | - | 14.00 ലക്ഷം രൂപ |

10 ഗുണഭോക്താക്കൾക്ക് 36,000 രൂപയുടെ ജീവനോപാധി സഹായം വിതരണം ചെയ്തു.

2. 2012-13 സാമ്പത്തിക വർഷത്തിൽ ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ മത്സ്യഗ്രാമത്തിൽ 5 ഗുണഭോക്താക്കൾക്കും എലത്തൂർ മത്സ്യഗ്രാമത്തിൽ 36 ഗുണഭോക്താക്കൾക്കും 55,000 രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു.

3. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ കോളനി വൈദ്യുതീകരണത്തിനായി 9.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

4. 2011-12 സാമ്പത്തിക വർഷത്തിൽ കടൽ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയാപ്പ മത്സ്യഗ്രാമത്തിൽ ഒരു ഗുണഭോക്താവിന് ഏകദേശം 1.25 ലക്ഷം രൂപയുടെ കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തു.

(ബി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്രഫണ്ട് ചെലവഴിക്കുന്ന പദ്ധതികളും കേന്ദ്ര സംസ്ഥാന ഫണ്ടുകളും തുല്യമായി ചെലവഴിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നില്ല.

(സി) എലത്തൂർ മണ്ഡലത്തിൽ കോർപ്പറേഷൻവഴി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പദ്ധതികളില്ല.

LIBRARY ARCHIVES Kerala Legislative Assembly